29185 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് 1-12-2014-ൽ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് വിൽപ്പന നടത്തിയ ഭൂമി സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) കോടതി സ്റ്റേയുള്ള പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം വില്ലേജിലെ കോണി എസ്റ്റേറ്റിന്റെ ഒരു ഭാഗമായ 832 ഏക്കർ ഭൂമി ഉൾപ്പെടെ അനുബന്ധത്തിൽ വിവരിച്ച. അന്യകൈവശത്തിലുള്ള 8149 ഏക്കറും ചേർത്ത് ആകെ 8981 ഏക്കർ ഭൂമി KLC Act പ്രകാരം സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

(സി) അല്ല, കേരള ലാൻഡ് കൺസർവൻസി ആക്ട്, 1957 പ്രകാരമാണ് സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്.

(ഡി) ഉണ്ട്; WP(C) 33122/2014-ാം നമ്പർ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജിയിലെ 10-12-2014-ലെ ഇടക്കാല വിധിന്യായത്തിൽ സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവായ 29185 ഏക്കർ ഭൂമിയുടെ തൽസ്ഥിതി 20-1-2015 വരെ തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്.

തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഫ്ലഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

124(4755) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും വർഷം പ്രതി എത്ര തുക ഏതെല്ലാം പദ്ധതികൾക്കു വേണ്ടി അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതിനകം എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ബാക്കി ഓരോ പ്രവൃത്തിയും ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(സി) ഫ്ലഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, വിശദാംശം വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കാറില്ല.

(ബി-ഡി) ബാധകമല്ല.

വരൾച്ച മൂലമുള്ള പ്രശ്നങ്ങൾ

125(4756) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച മൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നതിനും കുടിവെള്ള ദൗർലഭ്യത്തിന് പരിഹാരമായും സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കാമോ;

(ബി) ജില്ലാ ഭരണകൂടത്തിന് ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളെന്തെങ്കിലും നൽകിയിട്ടുണ്ടോ; വരൾച്ചാപ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകളെന്തെങ്കിലും ജില്ലാ കളക്ടർമാരിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(സി) വരൾച്ച നേരിടുന്നതിന് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകൾക്ക് എത്ര വീതം ഫണ്ടനുവദിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ;

(ഡി) വരൾച്ചാദുരിതം ഏറെ അനുഭവിക്കുന്ന മലബാർ മേഖലയ്ക്ക് പ്രത്യേക സഹായം അനുവദിക്കുമോ?

ഉത്തരം

(എ) വരൾച്ച മൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നതിനായി 18-2-2014-ലെ 11050/K3/2012/ DMD നമ്പർ സർക്കാർ സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുകിണറുകൾ ഉൾപ്പെടെയുള്ള ജലസംഭരണികൾ ചെളി മാറ്റി ഉപയോഗയോഗ്യമാക്കുക, നിലവിലുള്ള കുടിവെള്ള പദ്ധതികൾ കേടുപാടുകൾ പരിഹരിച്ച് പ്രവർത്തിപ്പിക്കുക, ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ പ്രവൃത്തികൾ ഇതിലുൾപ്പെടുന്നു. അനധികൃതമായി കുടിവെള്ളം ഊറ്റുന്നവർക്കെതിരെയും കുടിവെള്ളം ദുരുപയോഗം

LIBRARY ARCHIVES Kerala Legislative Assembly